**കേരള സർക്കാർ**

<u>സംഗ്രഹം</u>

തദ്ദേശ സ്വയം ഭരണ വകുപ്പ് - 2013-14 വർഷത്തെ മികച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================

**തദ്ദേശ സ്വയംഭരണ (ഇ എം) വകുപ്പ്**

സ.ഉ. (സാധാ) നം. 400/2015/തസ്വഭവ — തിരുവനന്തപുരം, തീയതി, 09.02.2015

==========================================================

പരാമർശം: സർക്കാർ ഉത്തരവ് (സാധാ) നം. 82/2015/തസ്വഭവ തീയതി 09.01.2015.

**<u>ഉത്തരവ്</u>**

2013-14 വർഷത്തെ മികച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(മാനദണ്ഡങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്)

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**പി.റംലത്ത്**

ഡെപ്യൂട്ടി സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
ഗ്രാമ വികസന കമ്മീഷണർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ.
മെമ്പർ (ഡീ സെൻട്രലൈസ്ഡ് പ്ലാനിംഗ്), സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

# മികച്ച ഗ്രാമപഞ്ചായത്ത് തെരഞ്ഞെടുപ്പ് 2013-14
## മികച്ച ഗ്രാമപഞ്ചായത്തുകളുടെ തെരഞ്ഞെടുപ്പിന് അപേക്ഷ സമർപ്പിക്കുന്നതിന് താഴെപ്പറയുന്ന അർഹതാ മാനദണ്ഡങ്ങൾ ഉണ്ടായിരിക്കണം

1. 4 ഗ്രാമസഭകൾ കൂടിയിരിക്കണം (ഗ്രാമസഭ മിനിട്ട്സ് പൂർത്തിയായിരിക്കണം)
2. മൊത്തം വികസന ഫണ്ടിന്റെ 80% ചെലവഴിച്ചിരിക്കണം (എസ്.സി.പി/റ്റി.എസ്.പി എന്നീ ഇനങ്ങളിൽ 75%) തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റേതല്ലാത്ത കാരണങ്ങളാൽ ഫണ്ട് ചെലവഴിക്കാൻ കഴിയുന്നില്ലെങ്കിൽ അക്കാര്യം തെളിയിക്കേണ്ട ബാധ്യത അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായിരിക്കും (ലോകബാങ്ക്, 13-ാം ധനകാര്യ കമ്മീഷൻ ധനസഹായം ഒഴികെ)
3. 2013-14 സാമ്പത്തിക വർഷം നികുതി പിരിവ് 90% പൂർത്തീകരിച്ചിരിക്കണം.
4. 2013-14 സാമ്പത്തിക വർഷം വരെയുള്ള എ.എഫ്.എസ്. നിശ്ചിത സമയ പരിധിക്കുള്ളിൽ (31.07.2014-ന് മുമ്പ്) സമർപ്പിച്ചിരിക്കണം.
5. മെയിന്റനൻസ് ഫണ്ട് 80% ചെലവഴിച്ചിരിക്കണം.
6. ആശ്രയ പദ്ധതി നടപ്പിലാക്കിയിരിക്കണം
7. സാമ്പത്തിക ക്രമക്കേടുകൾ നടന്നതുമായി ബന്ധപ്പെട്ട് വകുപ്പുതല/വിജിലൻസ് നടപടികൾ ഉണ്ടായിരിക്കരുത്.

## അർഹതാ മാനദണ്ഡങ്ങൾ പാലിച്ചിട്ടുള്ള അപേക്ഷകൾ പരിശോധനയ്ക്ക് വിധേയമാക്കി താഴെപ്പറയുന്ന ഘടകങ്ങളെ അടിസ്ഥാനമാക്കി മാർക്ക് നൽകാവുന്നതാണ്(ആകെ 100 മാർക്ക്)

### I. ഗ്രാമസഭ (4 മാർക്ക്)

ഗ്രാമസഭകളിലെ ജനപങ്കാളിത്തത്തിന്റെ അടിസ്ഥാനത്തിൽ പരമാവധി 4 മാർക്ക് നൽകാവുന്നതാണ്. ആകെ ഗ്രാമ സഭാ യോഗങ്ങളിലെ ശരാശരി ജന പങ്കാളിത്തം അടിസ്ഥാനമാക്കിയായിരിക്കും ശതമാനം കണക്കാക്കുന്നത് പ്രത്യേക വിഷയം

ആസ്പദമാക്കിയുള്ള ഗാരമസഭകളും വിശേഷാല്ർ ഗ്രാമസഭകളും ഇതിൽ ഉൾപ്പെടുന്നില്ല)

1. മൊത്തം വോട്ടർമാരുടെ 11% മുതൽ 15% വരെ - 1 മാർക്ക്
2. 15% മുകളിൽ 20% വരെ - 1 മാർക്ക്
3. 20% മുകളിൽ 25% വരെ - 1 മാർക്ക്
4. 25%-ന് മുകളിൽ - 1 മാർക്ക്

**II. പഞ്ചായത്ത് കമ്മിറ്റി (6 മാർക്ക്)**

ഗ്രാമ പഞ്ചായത്ത് കമ്മിറ്റിയുടെ 2013-14 സാമ്പത്തിക വർഷത്തെ 12 യോഗങ്ങളിൽ കൂടുതലായി ചേർന്നിട്ടുള്ള ഓരോ യോഗത്തിനും 1/2 മാർക്കുവീതം പരമാവധി 6 മാർക്ക് നൽകാവുന്നതാണ്.

**III. സ്റ്റാന്റിംഗ് കമ്മിറ്റി/സ്റ്റിയറിംഗ് കമ്മിറ്റി (5 മാർക്ക്)**

1. ധനകാര്യ/വികസന/ക്ഷേമകാര്യ/ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശരാശരി യോഗങ്ങളുടെ എണ്ണം കണക്കാക്കിയതിനുശേഷം 12 ൽ കൂടുതലുള്ള ഓരോ യോഗത്തിനും 1/2 മാർക്ക് വീതം പരമാവധി 4 മാർക്ക് നൽകാവുന്നതാണ്. എല്ലാ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ യോഗങ്ങളും നിയമാനുസൃതം കൂടിയിരിക്കണം
2. സ്റ്റിയറിംഗ് കമ്മിറ്റിയോഗം 6 എണ്ണത്തിൽ കൂടുതൽ 1 മാർക്ക്

**IV. നിർവ്വഹണ ഉദ്യോഗസ്ഥരുടെ യോഗം (1 മാർക്ക്)**

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ യോഗം 6-ൽ കൂടുതൽ നടത്തിയിട്ടുണ്ടെങ്കിൽ 1 മാർക്ക്

**V. കുടുംബശ്രീ / ആശ്രയ / ജാഗ്രത സമിതി / ബുദ്ധിമാന്ദ്യം സംഭവിച്ച കുട്ടികൾക്കുള്ള പദ്ധതികൾ (10 മാർക്ക്)**

കുടുംബശ്രീ പ്രവർത്തനങ്ങൾ കവറേജ്, പ്രാദേശിക സാമ്പത്തിക വികസനത്തിനായി ആരംഭിച്ചിട്ടുള്ള സൂക്ഷ്മ തൊഴിൽ സംരംഭങ്ങൾക്ക് ഗ്രാമ പഞ്ചായത്തുകൾ നൽകുന്ന സാമ്പത്തിക സഹായം, സംഘകൃഷിപദ്ധതി സംയോജനം, വിലയിരുത്തൽ, സമിതി പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ചുള്ള വിവരങ്ങൾ കൂടി അപേക്ഷയോടൊപ്പം നൽകേണ്ടതാണ്.

1. ആശ്രയ പദ്ധതിയിൽ വകയിരുത്തിയ തുകയുടെ ചെലവ് ശതമാനം

(a) 81% - 90% - 1 മാർക്ക്

(b) 90%-ന് മുകളിൽ 100% - 2 മാർക്ക്

2. വനിതകളുടെ കൂട്ടായ്മയിലൂടെ സംഘകൃഷി ഏർപ്പെടുത്തിയിട്ടുള്ള ഗ്രൂപ്പുകളുടെ എണ്ണം

(a) ഒരു ഗ്രൂപ്പ് മുതൽ 2 വരെ 1/2 മാർക്ക്

(b) 3 മുതൽ 5 വരെ 1 മാർക്ക്

(c) 6 മുതൽ 10 വരെ 2 മാർക്ക്

3. <u>ജാഗ്രതാസമിതി</u>

a. വാർഡ്തല സമിതി 1 മാർക്ക്

b. പഞ്ചായത്ത് തല സമിതി 1 മാർക്ക്

c. നിയമസഹായ സമിതി 1 മാർക്ക്

d. നിർഭയഹെൽപ്പ് ഡെസ്ക്കുകൾ ഏർപ്പെടു ടുത്തിയ ഗ്രാമ പഞ്ചായത്തുകൾ 1 മാർക്ക്

4. ബഡ്സ് സ്കൂൾ നടപ്പാക്കിയിട്ടുണ്ടെങ്കിൽ 1 മാർക്ക്

5. വൃദ്ധജനങ്ങൾക്കുള്ള പകൽ കേന്ദ്രങ്ങൾ ഉണ്ടെങ്കിൽ 1 മാർക്ക്

## VI. <u>വികേന്ദ്രീകൃതാസൂത്രണം - പദ്ധതി ചെലവ് (17 മാർക്ക്)</u>

1. പദ്ധതി ചെലവ് 91% മുതൽ 100% വരെ (ഓരോ ശതമാനത്തിനും 1/2 മാർക്ക് വീതം) 5 മാർക്ക്

2. പദ്ധതി തുകയുടെ ജനറൽ വിഭാഗത്തിന്റെ 5% വരെ ഗുണഭോക്തൃ വിഹിതമായി പിരിച്ചെടുത്ത ഗ്രാമപഞ്ചായത്തുകൾക്ക് 1/2 മാർക്കും 5% നു മുകളിൽ 1 മാർക്കും നൽകാവുന്നതാണ്.

3. ഉൽപാദനമേഖലയിലെ ചെലവ് മൊത്തം പദ്ധതി തുകയുടെ 20% ൽ കൂടുതലാണെങ്കിൽ 2 മാർക്കും 30% ൽ കൂടുതലാണെങ്കിൽ 5 മാർക്ക്

4. വനിതാ ക്ഷേമ പ്രവർത്തനങ്ങൾക്ക് ചെലവാക്കിയ തുക മൊത്തം പദ്ധതി തുകയുടെ 10% മുതൽ 15% വരെയാണെങ്കിൽ 1/2 മാർക്കും 15%ന മുകളിൽ 1 മാർക്കും നൽകാവുന്നതാണ്.

5. പൊതു വിഭാഗത്തിൽ നിന്നും വ്യത്യസ്തമായി വനിതകൾക്ക മാത്രമായി പ്രയോജനം ചെയ്യുന്ന പ്രോജക്ടുകൾ ഉണ്ടെങ്കിൽ 1 മാർക്ക്

6. വൃദ്ധർ, വികലാംഗർ, ശിശുക്കൾ എന്നിവരുടെ ക്ഷേമത്തിന് ചെലവാക്കിയ തുക മൊത്തം പദ്ധതി തുകയുടെ 5% മുതൽ 7% **വരെയാണെങ്കിൽ** 1/2 മാർക്കും 7% മുകളിൽ 1 മാർക്കും നൽകാവുന്നതാണ്.

7. പൊതു വിഭാഗത്തിൽ നിന്നും വ്യത്യസ്തമായി വൃദ്ധർ, വികലാംഗർ, ശിശുക്കൾ എന്നിവർക്ക് മാത്രമായി പ്രയോജനം ചെയ്യുന്ന പ്രോജക്ടുകൾ ഉണ്ടെങ്കിൽ 1 മാർക്ക്

8. 2013-14 വർഷത്തിലെ പദ്ധതിയുടെ ഡി.പി.സി. അംഗീകാരം 31.03.2013-ന് മുൻപ് ലഭ്യമായിട്ടുണ്ടെങ്കിൽ 2 മാർക്ക്

## VII. സാമൂഹ്യസുരക്ഷിതത്വ പെൻഷൻ (2 മാർക്ക്)

വിവിധ സാമൂഹ്യ പെൻഷനുകൾക്കുവേണ്ടി 28.02.2014 നകം ലഭിച്ച അപേക്ഷകളിൻമേൽ തീർപ്പാക്കിയ ഗ്രാമ പഞ്ചായത്തുകൾക്ക് 2 മാർക്ക് നൽകാവുന്നതാണ്.

1. 80% - 90% വരെ - 1/2 മാർക്ക്
2. 90%ന് മുകളിൽ 100% വരെ - 1 മാർക്ക്
3. 100% - - - - 2 മാർക്ക്

## VIII. തനതു ഫണ്ട് (5 മാർക്ക്)

1. ഗ്രാമ പഞ്ചായത്തിന്റെ തനതു വരുമാന വർദ്ധനവ് മുൻ വർഷത്തേക്കാൾ

(a) 5% മുതൽ 10% വരെ - 1 മാർക്കും

(b) 10% മുകളിൽ 15% വരെ - 2 മാർക്കും

(c) 15%ന് മുകളിൽ 20% വരെ - 3 മാർക്കും

(d) 20%-ന് മുകളിൽ - 4 മാർക്കും നൽകാവുന്നതാണ്.

2. പരസ്യനികുതി ബൈലാ പാസ്സാക്കി പിരിവ് നടത്തുന്ന ഗ്രാമ പഞ്ചായത്തുകൾക്ക് 1 മാർക്ക്

## IX. നികുതികളും ഫീസും പിരിവ് (8 മാർക്ക്)

| | | |
|---|---|---|
| 91% - 92% വരെ | - | 1/2 മാർക്ക് |
| 92%-ന് മുകളിൽ 93% വരെ | - | 1 മാർക്ക് |
| 93%-ന് മുകളിൽ 94% വരെ | - | 2 മാർക്ക് |
| 94%-ന് മുകളിൽ 95% വരെ | - | 3 മാർക്ക് |
| 95%-ന് മുകളിൽ 96% വരെ | - | 4 മാർക്ക് |
| 96%-ന് മുകളിൽ 97% വരെ | - | 5 മാർക്ക് |
| 97%-ന് മുകളിൽ 98% വരെ | - | 6 മാർക്ക് |
| 98%-ന് മുകളിൽ 100% താഴെ | - | 7 മാർക്ക് |
| 100%-ന് | - | 8 മാർക്ക് |

## X. മെയിന്റനൻസ് ഫണ്ട് (5 മാർക്ക്)

മെയിന്റൻസ് ഗ്രാന്റ് ചെലവിന് താഴെ പറയും പ്രകാരം മാർക്ക് നൽകാവുന്നതാണ്.

| | | | |
|---|---|---|---|
| (1) | 81% - 85% | - | 1 മാർക്ക് |
| (2) | 85%-ന് മുകളിൽ 90% വരെ | - | 2 മാർക്ക് |
| (3) | 90%-ന് മുകളിൽ 95% വരെ | - | 3 മാർക്ക് |
| (4) | 95%-ന് മുകളിൽ 100% വരെ | - | 4 മാർക്ക് |
| (5) | 100% | - | 5 മാർക്ക് |

## XI. ശുചിത്വം (8 മാർക്ക്)

**1.** 2013-2014 വർഷത്തിൽ വാർഡ്തലത്തിൽ, 10,000/- രൂപ വീതം ശുചീകരണ പ്രവർത്തനങ്ങൾക്കായി ശുചിത്വമിഷനിൽ നിന്നും ലഭിച്ച തുകയിലെ

ചെലവ് - 90% ന് മുകളിൽ 1 മാർക്ക്

(യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് നൽകിയതിന്റെ അടിസ്ഥാനത്തിൽ)

100% ചെലവ് 2 മാർക്ക്

2) ഖരമാലിന്യ സംസ്കരണത്തിന് മാർക്കറ്റ്, പൊതുജനാരോഗ്യ കേന്ദ്രം, സ്കൂളുകൾ തുടങ്ങിയ പൊതുസ്ഥലങ്ങളിൽ മാലിന്യസംസ്കരണപ്ലാന്റുകൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ (പ്രവർത്തനക്ഷമമായിരിക്കണം) 2 മാർക്ക്

3) മാർക്കറ്റ് / പൊതുസ്ഥലങ്ങളിൽ കംഫർട്ട് സ്റ്റേഷൻ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ (പ്രവർത്തനക്ഷമമായിരിക്കണം) 2 മാർക്ക്

4) പൊതുജനാരോഗ്യപ്രവർത്തനങ്ങൾ (കൊതുകുനിവാരണം, പകർച്ച വ്യാധി നിയന്ത്രണ മാർഗ്ഗങ്ങൾ) ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ 2 മാർക്ക്

## XII. നൂതനവും അനുകരണീയവുമായ പദ്ധതികൾ (5 മാർക്ക്)

2013-14 വർഷത്തിൽ നൂതന പദ്ധതികൾ ആവിഷ്കരിച്ച് വിജയകരമായി നടപ്പിലാക്കിയിട്ടുള്ള ഗ്രാമ പഞ്ചായത്തുകൾക്ക് 5 മാർക്ക് നൽകാവുന്നതാണ് (മുൻ വർഷങ്ങളിൽ അവാർഡിന് സമർപ്പിച്ചവ ഒഴികെ) അപേക്ഷയോടൊപ്പം വിശദമായ റിപ്പോർട്ട് ഉൾപ്പെടുത്തേണ്ടതാണ്.

## XIII. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി (6 മാർക്ക്)

a) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയിൽ രജിസ്ട്രർ ചെയ്ത അപേക്ഷ നൽകിയ കുടുംബങ്ങൾക്ക് 100 തൊഴിൽ ദിനങ്ങൾ നൽകിയതിന്

1. 81% - മുതൽ 90% കുടുംബങ്ങൾക്ക് തൊഴിൽ നൽകിയതിന് - 2 മാർക്ക്
2. 90% - മുതൽ 100% കുടുംബങ്ങൾക്ക് തൊഴിൽ നൽകിയതിന് - 3 മാർക്ക്

b) മെറ്റീരിയൽ കംമ്പോണന്റ് 20% - 40% വരെ ഉപയോഗപ്പെടുത്തി പ്രോജക്ടുകൾ ഏറ്റെടുത്തിട്ടുണ്ടെങ്കിൽ - 2 മാർക്ക്

c) രാജീവ്ഗാന്ധി സേവാ കേന്ദ്രം ആരംഭിച്ചിട്ടുണ്ടെങ്കിൽ - 1 മാർക്ക്

## XIV. ഫ്രണ്ട് ആഫീസ് (4 മാർക്ക്)

മികച്ച ഫ്രണ്ട് ആഫീസ് ഏർപ്പെടുത്തിയ ഗ്രാമപഞ്ചായത്തുകൾക്ക് പരമാവധി 4 മാർക്ക് നൽകേണ്ടതാണ്.

1. പൊതുജനങ്ങൾക്ക് നൽകുന്ന സേവനങ്ങൾ, ഉദ്യോഗസ്ഥരുടെ വിവരങ്ങൾ എന്നിവ സംബന്ധിച്ചുള്ള ബോർഡ് സ്ഥാപിച്ചിട്ടുണ്ടെങ്കിൽ 1/2
2. ഫ്രണ്ട് ഓഫീസ് സംവിധാനം കംമ്പ്യൂട്ടർവൽക്കരിച്ചിട്ടുണ്ടെങ്കിൽ 1/2
3. പൊതുജനങ്ങൾക്ക് ഇരിപ്പിടം, കുടിവെള്ളസംവിധാനം എന്നിവ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ 1/2

4. പൊതുജനങ്ങൾക്ക് ടോയ്ലറ്റ് സൗകര്യം ഏർപ്പെടുത്തിയിട്ടു ണ്ടെങ്കിൽ 1/2

5. പൗരാവകാശരേഖ പുതുക്കി പ്രസിദ്ധീകരിച്ചിട്ടു ണ്ടെങ്കിൽ 1 മാർക്ക്

6. വികലാംഗർക്ക് റാമ്പ് സൗകര്യം ഏർപ്പെടുത്തിയിട്ടു ണ്ടെങ്കിൽ 1 മാർക്ക്

XV. **കമ്പ്യൂട്ടർവൽക്കരണം - (2 മാർക്ക്)**

സഞ്ചയ ഓൺ ലൈൻ ഈ-പേയ്മെന്റ് നടപ്പിലാക്കിയതിന് 2 മാർക്ക്

XVI. **ISO സർട്ടിഫിക്കറ്റ് (3 മാർക്ക്)**

2013-14 വർഷം ISO സർട്ടിഫിക്കറ്റ് നിലവിലുള്ള ഗ്രാമ പഞ്ചായത്ത് 3 മാർക്ക്

XVII. **പൊതുവിഷയങ്ങൾ (9 മാർക്ക്)**

1. പാലിയേറ്റീവ് കെയർ സംവിധാനം - ഭവന സന്ദർശന സൗകര്യം ഉണ്ടെങ്കിൽ 3 മാർക്ക്
2. പ്രവർത്തനക്ഷമമായ അറവ്ശാല ഉണ്ടെങ്കിൽ 3 മാർക്ക്
3. പൊതുസ്മശാനം സൗകര്യം ഒരുക്കിയിട്ടുണ്ടെങ്കിൽ 3 മാർക്ക്

---

**ആകെ 100 മാർക്ക്**

===

## ബി. ബ്ലോക്ക് പഞ്ചായത്ത്

---

### അപേക്ഷ സമർപ്പിക്കുന്നതിനുള്ള യോഗ്യത

1) മികച്ച ബ്ലോക്കുപഞ്ചായത്തുകളുടെ തെരഞ്ഞെടുപ്പിന് അപേക്ഷ സമർപ്പിക്കുന്നതിന് വികസന ഫണ്ടിന്റെ 80% തുക ചെലവഴിച്ചിരിക്കണം. (ജനറൽ/എസ്.സി/റ്റി.എസ്.പി എന്നീ എല്ലാ വിഭാഗങ്ങളിലും)

2) 2013-14 സാമ്പത്തിക വർഷം വരെയുള്ള എ.എഫ്.എസ് സമർപ്പിച്ചിരിക്കണം

3) മെയിന്റനൻസ് ഫണ്ടിന്റെ (നോൺ റോഡ്) കാര്യത്തിലും 80% തുക ചെലവഴിച്ചിരിക്കണം.

4) നിർമ്മൽ പുരസ്കാരം കിട്ടിയിരിക്കണം. അല്ലെങ്കിൽ അപേക്ഷ സമർപ്പിച്ചിരിക്കണം.

### മികച്ച ബ്ലോക്ക് പഞ്ചായത്തുകളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങളും മാർക്കും.

അർഹതാ മാനദണ്ഡങ്ങൾ പാലിച്ചിട്ടുള്ള അപേക്ഷകൾ പരിശോധനയ്ക്ക് വിധേയമാക്കി താഴെപ്പറയുന്ന ഘടകങ്ങളെ അടിസ്ഥാനമാക്കി മാർക്ക് നൽകാവുന്നതാണ് (ആകെ 100 മാർക്ക്)

1) പദ്ധതി വിഹിതം 81% മുതൽ 90% വരെ ചെലവാക്കിയിട്ടുള്ള ബ്ലോക്ക് പഞ്ചായത്തുകൾക്ക് ഓരോ ശതമാനത്തിനും 1/2 മാർക്ക് വീതം പരമാവധി 5 മാർക്ക് നൽകാവുന്നതാണ്. കൂടാതെ 91 മുതൽ 100% വരെ ചെലവാക്കിയ ബ്ലോക്ക് പഞ്ചായത്തുകൾക്ക് ഓരോ ശതമാനത്തിനും 1 മാർക്ക് വീതം പരമാവധി 10 മാർക്ക് നൽകാവുന്നതാണ്. (പരമാവധി മാർക്ക്-15)

2) എസ്.സി.പി/ടി.എസ്.പി പദ്ധതിയുടെ ചിലവിനത്തിലും മുൻ ഖണ്ഡിക അനുസരിച്ച് പ്രത്യേകം മാർക്ക് നൽകാവുന്നതാണ്. ടി.എസ്.പി വിഹിതം ഇല്ലാത്ത ബ്ലോക്കു പഞ്ചായത്തുകൾക്ക് എസ്.സി.പി വിഹിതത്തിൽ ലഭിക്കുന്ന മാർക്കിന്റെ അനുപാതത്തിൽ മാർക്ക് നൽകേതാണ്. 81% മുതൽ 100% വരെയുള്ള ചെലവിന് മുൻ ഖണ്ഡികയിലെ മാനദണ്ഡമനുസരിച്ച് മാർക്ക് നൽകാവുന്നതാണ്.

3) വനിതാ ഘടക പദ്ധതികൾ പൂർണ്ണമായും നടപ്പിലാക്കിയ ബ്ലോക്കു പഞ്ചായത്തുകൾക്ക് 10 മാർക്ക് നൽകാവുന്നതാണ്.

4) വികലാംഗ ക്ഷേമത്തിന് ചെലവഴിച്ച തുക 5% മുതൽ 7% വരെയാണെങ്കിൽ 3 മാർക്കും 7% ന് മുകളിൽ 5 മാർക്കും നൽകാവുന്നതാണ്.

5) നൂതന പദ്ധതികൾ വിജയകരമായി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുളള ബ്ലോക്ക് പഞ്ചായത്തുകൾക്ക് 10 മാർക്ക് നൽകാവുന്നതാണ്.

6) ഇന്ദിരാ ഭവന പദ്ധതി-2013-14 ബ്ലോക്ക് പഞ്ചായത്ത് വകയിരുത്തേ അധിക വിഹിതം പൂർണമായോ, 95 ശതമാനത്തിൽ അധികമോ വകയിരുത്തിയിട്ടുണ്ടെങ്കിൽ 10 മാർക്ക് നൽകാവുന്നതാണ്. ഈ ഇനത്തിൽ വകയിരുത്തൽ 90-95 ശതമാനം ആണെങ്കിൽ 5 മാർക്കും 81-89 ശതമാനമാണെങ്കിൽ 3 മാർക്കും നൽകാവുന്നതാണ്. 100 ശതമാനത്തിനു മുകളിൽ വകയിരുത്തിയവർക്ക് 5 മാർക്ക് അധികം നൽകാവുന്നതാണ്.

7) ഐ.എ.വൈ (കേന്ദ്രവിഹിതം) ചെലവ് 91% മുതൽ 95% വരെ ഓരോ ശതമാനത്തിനും 1 മാർക്ക് വീതം പരമാവധി 5 മാർക്കും കൂടാതെ 96 മുതൽ 100 വരെ ഓരോ ശതമാനത്തിനും 2 മാർക്കു വീതം പരമാവധി 10 മാർക്കും നൽകാവുന്നതാണ്. (പരമാവധി മാർക്ക്-15)

8) മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്) ചെലവ് താഴെപ്പറയും പ്രകാരം മാർക്ക് നൽകാവുന്നതാണ്.

| | | |
|---|---|---|
| 80%-85% വരെ | - | 1 മാർക്ക് |
| 86%-90% വരെ | - | 2 മാർക്ക് |
| 91%-95% വരെ | - | 3 മാർക്ക് |
| 96%-99% വരെ | - | 4 മാർക്ക് |
| 100% | - | 5 മാർക്ക് |

9) നിർമ്മൽ പുരസ്കാരം ഫണ്ടിന്റെ വിനിയോഗം (5) മാർക്ക്

| | | |
|---|---|---|
| 70%-80% വരെ | - | 1 മാർക്ക് |
| 81%-90% വരെ | - | 2 മാർക്ക് |
| 91%-100% വരെ | - | 3 മാർക്ക് |

10) വാർഷിക ധനകാര്യ കണക്കുകൾ 31.07.2014 നകം ലോക്കൽ ഫണ്ട് അധികൃതർക്ക് നൽകിയിട്ടുങ്കെിൽ 2 മാർക്ക് നൽകാവുന്നതാണ്. നിശ്ചിത സമയത്തിനകം നൽകിയിട്ടില്ലെങ്കിൽ 4 മാർക്ക് കുറവ് ചെയ്യേണ്ടതാണ്.

11) സാംഖ്യ ഡബിൾ എൻട്രി അക്കൗണ്ടിംഗ് സമ്പ്രദായം തൃപ്തികരമായി നടപ്പിലാക്കിയിട്ടുളള ബ്ലോക്കു പഞ്ചായത്തുകൾക്ക് 3 മാർക്ക് നൽകാവുന്നതാണ്. തൃപ്തികരമായി നടപ്പിലാക്കാത്തിടത്ത് 5 മാർക്ക് കുറവ് വരുത്തേണ്ടതാണ്.

12)ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി-രാജീവ് ഗാന്ധി ഭാരത് നിർമ്മാൺ സേവാകേന്ദ്രത്തിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടുളള ബ്ലോക്കു പഞ്ചായത്തുകൾക്ക് 7 മാർക്കും ഫീൽഡ് തലത്തിൽ പ്രവൃത്തി ആരംഭിച്ചിട്ടുളള ബ്ലോക്ക് പഞ്ചായത്തുകൾക്ക് 5 മാർക്കും നൽകാവുന്നതാണ്..

13)ആസ്തി രജിസ്റ്ററുകൾ ഡിജിറ്റൽ രൂപത്തിൽ സാംഖ്യ ഡബിൾ എൻട്രി അക്കൗണ്ടിംഗുമായി സംയോജിപ്പിച്ച് പൂർണ്ണവും കുറ്റമറ്റതും ആക്കിത്തീർത്ത ബ്ലോക്ക് പഞ്ചായത്തുകൾക്ക് 5 മാർക്ക് നൽകാവുന്നതാണ്.

14)കംപ്ട്രോളർ & ആഡിറ്റ് ജനറൽ, ലോക്കൽ ഫണ്ട് ആഡിറ്റ്, പെർഫോമൻസ് ആഡിറ്റ് എന്നീ ആഡിറ്റ് ഏജൻസികളുടെ റിപ്പോർട്ടുകളിലെ ഖണ്ഡിക തീർപ്പാക്കൽ നടപടികൾ തൃപ്തികരമായി പൂർത്തീകരിച്ച ബ്ലോക്കു പഞ്ചായത്തുകൾക്ക് 10 മാർക്ക് നൽകാവുന്നതാണ്. (രേഖകളുടെ പിൻബലമുണ്ടായിരിക്കണം, പൂർത്തീകരിച്ച ശതമാനത്തിന് ആനുപാതികമായി മാർക്കിടേണ്ടതാണ്).

15) ഇന്ദിരാ ഭവന പദ്ധതിയുടെ ആവാസ് സോഫ്റ്റിൽ ഫിസിക്കൽ/ഫിനാൻഷ്യൽ ഡേറ്റാ എൻട്രി, ഫണ്ട് വകയിരുത്തൽ എന്നിവയുടെ ഡേറ്റാ എൻട്രി നടപടികൾ ഓൺലൈനായി തൃപ്തികരമായി പൂർത്തീകരിച്ച ബ്ലോക്ക് പഞ്ചായത്തുകൾക്ക് 3 മാർക്ക് നൽകാവുന്നതാണ്.

## മികച്ച ജില്ല പഞ്ചായത്ത് തെരഞ്ഞെടുപ്പ് 2013-14
## മികച്ച ജില്ല പഞ്ചായത്തുകളുടെ തെരഞ്ഞെടുപ്പിന് അപേക്ഷ സമർപ്പിക്കുന്നതിന് 2013-14 വർഷത്തിൽ താഴെപ്പറയുന്ന അർഹതാ മാനദണ്ഡങ്ങൾ ഉണ്ടായിരിക്കണം

1. മൊത്തം വികസന ഫണ്ടിന്റെ 70% ചെലവഴിച്ചിരിക്കണം
2. 2013-14 സാമ്പത്തിക വർഷം വരെയുള്ള എ.എഫ്.എസ് നിശ്ചിത സമയ പരിധിക്കുള്ളിൽ (31.07.2015-ന് മുമ്പ്) സമർപ്പിച്ചിരിക്കണം.
3. മെയിന്റനൻസ് ഫണ്ട് 70% ചെലവഴിച്ചിരിക്കണം
4. സാമ്പത്തിക ക്രമക്കേടുകൾ നടന്നതുമായി ബന്ധപ്പെട്ട് വകുപ്പുതല/വിജിലൻസ് നടപടികൾ ഉണ്ടായിരിക്കരുത്.

### അർഹതാ മാനദണ്ഡങ്ങൾ പാലിച്ചിട്ടുള്ള അപേക്ഷകൾ പരിശോധനയ്ക്ക് വിധേയമാക്കി താഴെപ്പറയുന്ന ഘടകങ്ങളെ അടിസ്ഥാനമാക്കി മാർക്ക് നൽകാവുന്നതാണ് (ആകെ 100 മാർക്ക്)

### I. പഞ്ചായത്ത് കമ്മിറ്റി (6 മാർക്ക്)

എ) ജില്ല പഞ്ചായത്ത് കമ്മിറ്റിയുടെ 2013-14 സാമ്പത്തിക വർഷത്തെ 12 യോഗങ്ങളിൽ കൂടുതലായി ചേർന്നിട്ടുള്ള ഓരോ യോഗത്തിനും ½ മാർക്കുവീതം പരമാവധി 4 മാർക്ക് നൽകാവുന്നതാണ്.

ബി) അജണ്ട നോട്ട് എല്ലാ കമ്മിറ്റികൾക്കും നൽകിയിട്ടുണ്ടെങ്കിൽ — 1 മാർക്ക്

സി) ഡിസിഷൻ രജിസ്റ്റർ എല്ലാ കമ്മിറ്റികൾക്കും ഉപയോഗിച്ചിട്ടുണ്ടെങ്കിൽ (എല്ലാ കമ്മിറ്റികളുടെയും തീരുമാനങ്ങൾ ഡിസിഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിൽ — 1 മാർക്ക്

### II. സ്റ്റാന്റിംഗ് കമ്മിറ്റി (4 മാർക്ക്)

ധനകാര്യ/വികസന/ക്ഷേമകാര്യ/ആരോഗ്യ-വിദ്യാഭ്യാസ/പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശരാശരി യോഗങ്ങളുടെ എണ്ണം കണക്കാക്കിയതിനുശേഷം 12 ൽ കൂടുതലുള്ള ഓരോ യോഗത്തിനും 1/2 മാർക്ക് വീതം പരമാവധി 4 മാർക്ക് നൽകാവുന്നതാണ്. എല്ലാ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ യോഗങ്ങളും നിയമാനുസൃതം കൂടിയിരിക്കണം.

**III. കൈമാറ്റം ചെയ്യപ്പെട്ട സ്ഥാപനത്തിലെ ഉദ്യോഗസ്ഥൻമാരുടെ യോഗം (3 മാർക്ക്)**

(എ) കൈമാറ്റം ചെയ്യപ്പെട്ട വകുപ്പിലെ സ്ഥാപന മേധാവികളുടെ യോഗം 3 മുതൽ 6 വരെ 2 മാർക്ക്

(ബി) 6-ൽ കൂടുതൽ ചേർന്നിട്ടുണ്ടെങ്കിൽ 3 മാർക്ക്

**IV. ഇ-ഗവേൺസ് (6 മാർക്ക്)**

(എ) 2013-14 വർഷത്തെ പൊതുമരാത്ത് പണികളുടെ എസ്റ്റിമേറ്റ് സുഗമ സോഫ്റ്റ് വെയർ മുഖേന ചെയ്തിട്ടുണ്ടെങ്കിൽ 2 മാർക്ക്

(ബി) ഓഫീസിൽ എല്ലാ സെക്ഷനുകൾക്കും കമ്പ്യൂട്ടർ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ 1 മാർക്ക്

(സി) 2013-14 വർഷത്തെ പ്രവൃത്തികൾ/വാങ്ങലുകൾ ഇ-ടെന്റർ മുഖേന നടത്തിയിട്ടുണ്ടെങ്കിൽ 2 മാർക്ക്

(ഡി) കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾക്ക് Annual maintenance contract നിലവിലുണ്ടെങ്കിൽ 1 മാർക്ക്

**V. ഫ്രണ്ട് ആഫീസ് (7 മാർക്ക്)**

മികച്ച ഫ്രണ്ട് ആഫീസ് ഏർപ്പെടുത്തിയ ജില്ല പഞ്ചായത്തുകൾക്ക് പരമാവധി 7 മാർക്ക് നൽകേണ്ടതാണ്.

എ) പൊതുജനങ്ങൾക്ക് നൽകുന്ന സേവനങ്ങൾ, ഉദ്യോഗസ്ഥരുടെ വിവരങ്ങൾ എന്നിവ സംബന്ധിച്ചുള്ള ബോർഡ് സ്ഥാപിച്ചിട്ടുണ്ടെങ്കിൽ 1 മാർക്ക്

ബി) ഫ്രണ്ട് ഓഫീസ് സംവിധാനം കംമ്പ്യൂട്ടർവൽക്കരിച്ചിട്ടുണ്ടെങ്കിൽ 1 മാർക്ക്

സി) പൊതുജനങ്ങൾക്ക് ഇരിപ്പിടം, കുടിവെള്ളസംവിധാനം എന്നിവ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ 1 മാർക്ക്

ഡി) പൊതുജനങ്ങൾക്ക് ടോയ്ലറ്റ് സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ 1 മാർക്ക്

ഇ) പൗരാവകാശരേഖ പുതുക്കി പ്രസിദ്ധീകരിച്ചിട്ടുണ്ടെങ്കിൽ 2 മാർക്ക്

എഫ്) വികലാംഗർക്ക് റാമ്പ് സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ 1 മാർക്ക്

**VI. വികേന്ദ്രീകൃതാസൂത്രണം - പദ്ധതി ചെലവ് (34 മാർക്ക്)**

(എ) **പദ്ധതി ചെലവ്**

| | |
|---|---|
| 70%-ന് മുകളിൽ 75% വരെ | 1 മാർക്ക് |
| 75%-ന് മുകളിൽ 80% വരെ | 2 മാർക്ക് |
| 80%-ന് മുകളിൽ 85% വരെ | 3 മാർക്ക് |

| | |
|---|---|
| 85%-ന് മുകളിൽ 90% വരെ | 4 മാർക്ക് |
| 90%-ന് മുകളിൽ 95% വരെ | 5 മാർക്ക് |
| 95%-ന് മുകളിൽ 100%-ന് താഴെ | 6 മാർക്ക് |
| 100% | 7 മാർക്ക് |

1) ഉൽപാദനമേഖലയിലെ ചെലവ് മൊത്തം പദ്ധതി തുകയുടെ 20% ൽ മുതൽ 30% 2 മാർക്കും 30% ൽ കൂടുതലാണെങ്കിൽ 5 മാർക്ക്

2) വനിതാ ക്ഷേമ പ്രവർത്തനങ്ങൾക്ക് ചെലവാക്കിയ തുക മൊത്തം പദ്ധതി വിഹിതം തുകയുടെ 10% മുതൽ 15% വരെയാണെങ്കിൽ 1 മാർക്കും 15%നു മുകളിൽ 2 മാർക്കും നൽകാവുന്നതാണ്.

3) പൊതു വിഭാഗത്തിൽ നിന്നും വ്യത്യസ്തമായി വനിതകൾക്കു മാത്രമായി പ്രയോജനം ചെയ്യുന്ന പ്രോജക്ടുകൾ ഉണ്ടെങ്കിൽ 2 മാർക്ക്

4) വൃദ്ധർ, വികലാംഗർ, ശിശുക്കൾ എന്നിവരുടെ ക്ഷേമത്തിന് ചെലവാക്കിയ തുക മൊത്തം പദ്ധതി വിഹിതം തുകയുടെ 5% മുതൽ 7% വരെയാണെങ്കിൽ 1 മാർക്കും 7% മുകളിൽ 2 മാർക്കും നൽകാവുന്നതാണ്.

5) പൊതു വിഭാഗത്തിൽ നിന്നും വ്യത്യസ്തമായി വൃദ്ധർ, വികലാംഗർ, ശിശുക്കൾ എന്നിവർക്ക് മാത്രമായി പ്രയോജനം ചെയ്യുന്ന പ്രോജക്ടുകൾ ഉണ്ടെങ്കിൽ 1 മാർക്ക്

6) പദ്ധതിയുടെ ഡിപിസി അംഗീകാരം 31.03.2013-നോ അതിൻമുൻപോ ലഭിച്ചിട്ടുണ്ടെങ്കിൽ 4 മാർക്ക്
1.04.2013-ന് ശേഷം 31.05.2013-വരെ 3 മാർക്ക്

7) ജില്ല ബ്ലോക്ക്-ഗ്രമപഞ്ചായത്തുകളുടെ സംയുക്ത പ്രോജക്ടുകൾ ഉണ്ടെങ്കിൽ 1 മാർക്ക്

8) ഏറ്റെടുത്ത പ്രോജക്ടുകളുടെ പൂർത്തീകരണം

| | |
|---|---|
| 75%-80% വരെ | 1 മാർക്ക് |
| 80%-ന് മുകളിൽ - 85% വരെ | 2 മാർക്ക് |
| 85%-ന് മുകളിൽ - 90% വരെ | 4 മാർക്ക് |
| 90%-ന് മുകളിൽ - 95% വരെ | 6 മാർക്ക് |
| 95%-ന് മുകളിൽ - 100%-ന് താഴെ | 8 മാർക്ക് |
| 100% | 10 മാർക്ക് |

## VII. മെയിന്റനൻസ് ഫണ്ട് (5 മാർക്ക്)

മെയിന്റനൻസ് ഗ്രാന്റ് ചെലവിന് താഴെ പറയും പ്രകാരം മാർക്ക് നൽകാവുന്നതാണ്.

| | | | |
|---|---|---|---|
| (1) | 80% - 85% വരെ | - | 1 മാർക്ക് |
| (2) | 85%-ന് മുകളിൽ 90% വരെ | - | 2 മാർക്ക് |
| (3) | 90%-ന് മുകളിൽ 95% വരെ | - | 3 മാർക്ക് |
| (4) | 95%-ന് മുകളിൽ 100%-ന് താഴെ | - | 4 മാർക്ക് |
| (5) | 100% | - | 5 മാർക്ക് |

**VIII. <u>ലോക്കൽ ഫണ്ട് ആഡിറ്റ് ( 5 മാർക്ക്)</u>**

ലോക്കൽ ഫണ്ട് ആഡിറ്റ് തടസ്സങ്ങൾ തീർവപ്പാക്കിയതിന്റെ ശതമാനം

| | | |
|---|---|---|
| 10%-20% വരെ | - | 1 മാർക്ക് |
| 20%-ന് മുകളിൽ 30% വരെ | - | 2 മാർക്ക് |
| 30%-ന് മുകളിൽ 40% വരെ | - | 3 മാർക്ക് |
| 40%-ന് മുകളിൽ 50% വരെ | - | 4 മാർക്ക് |
| 50%-ന് മുകളിൽ | - | 5 മാർക്ക് |

**IX. <u>അക്കൗണ്ടന്റ് ജനറൽ ആഡിറ്റ് (5 മാർക്ക്)</u>**

അക്കൗണ്ടന്റ് ജനറൽ ആഡിറ്റ് തടസ്സങ്ങൾ തീർപ്പാക്കിയതിന്റെ ശതമാനം

| | | |
|---|---|---|
| 10%-20% വരെ | - | 1 മാർക്ക് |
| 20%-ന് മുകളിൽ 30% വരെ | - | 2 മാർക്ക് |
| 30%-ന് മുകളിൽ 40% വരെ | - | 3 മാർക്ക് |
| 40%-ന് മുകളിൽ 50% വരെ | - | 4 മാർക്ക് |
| 50%-ന് മുകളിൽ | - | 5 മാർക്ക് |

**X. <u>എസ്.സി.പി പ്രോജക്ടുകൾ ചെലവ് (5 മാർക്ക്)</u>**

| | | |
|---|---|---|
| 60%-70% വരെ | - | 1 മാർക്ക് |
| 70%-ന് മുകളിൽ 80% വരെ | - | 2 മാർക്ക് |
| 80%-ന് മുകളിൽ 90% വരെ | - | 3 മാർക്ക് |
| 90%-ന് മുകളിൽ 100%-ന് താഴെ | - | 4 മാർക്ക് |
| 100% | - | 5 മാർക്ക് |

**XI. <u>റ്റി.എസ്.പി. പ്രോജക്ടുകൾ ചെലവ് (5 മാർക്ക്)</u>**

| | | |
|---|---|---|
| 60%-70% വരെ | - | 1 മാർക്ക് |
| 70%-ന് മുകളിൽ 80% വരെ | - | 2 മാർക്ക് |
| 80%-ന് മുകളിൽ 90% വരെ | - | 3 മാർക്ക് |

90%-ന് മുകളിൽ 100%-ന് താഴെ - 4 മാർക്ക്

100% - 5 മാർക്ക്

## XII. നൂതനവും അനുകരണീയവുമായ പ്രോജക്ടുകൾ (5 മാർക്ക്)

2013-14 വർഷത്തിൽ നൂതനവും അനുകരണീയവുമായ പ്രോജക്ടുകൾ വിജയകരമായി നടപ്പിലാക്കിയിട്ടുണ്ടെങ്കിൽ ജില്ലാ പഞ്ചായത്തുകൾക്ക് 5 മാർക്ക് നൽകാവുന്നതാണ്. അപേക്ഷയോടൊപ്പം വിശദമായ റിപ്പോർട്ട് ഉൾപ്പെടുത്തേണ്ടതാണ്.

## XIII. ഐ.എ.വൈ ഭവന നിർമ്മാണം (5 മാർക്ക്)

ജില്ലാ വിഹിതമായി വകയിരുത്തേണ്ട തുകയിൽ 100% വകയിരുത്തി നിർവ്വഹണം നടത്തുന്ന തദ്ദേശ സ്ഥാപനത്തിന് തുക കൈമാറിയിട്ടുണ്ടെങ്കിൽ 5 മാർക്ക്

## XIV. ഐ.എസ്.ഒ. അംഗീകാരം ( 5 മാർക്ക്)

ഐ.എസ്.ഒ. അംഗീകാരം നേടിയിട്ടുണ്ടെങ്കിൽ 5 മാർക്ക്

---

**ആകെ 100 മാർക്ക്**

===